# കേരളത്തിലെ ആദ്യ നീരപ്ലാന്റിന് കൊല്ലത്ത് തറക്കല്ലിട്ടു

കൊല്ലം: സംസ്ഥാന സർക്കാരിന്റെ ഫ്ളാഗ് ഷിപ്പ് പരിപാടികളിലുൾപ്പെടുത്തിയ നീരയുത്പാദനവും സംസ്കരണവും പദ്ധതിയുടെ വിജയത്തിനായി എല്ലാവിധ സഹായ സഹകരണങ്ങളും നൽകുമെന്ന് എക്സൈസ് മന്ത്രി കെ.ബാബു. കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനി നിർമ്മിക്കുന്ന സംസ്ഥാനത്തെ ആദ്യ നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുൻ കേന്ദ്രമന്ത്രിയും നിയുക്ത എം.പിയുമായ കൊടിക്കുന്നിൽ സുരേഷ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കോവൂർ കുഞ്ഞുമോൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. നീരയുത്പ്പന്നങ്ങളുടെ ലോഗോ പ്രകാശനം സംസ്ഥാന തൊഴിൽ വകുപ്പുമന്ത്രി ഷിബു ബേബി ജോൺ നിർവ്വഹിച്ചു. നിയുക്ത എം.പി എൻ.കെ.പ്രേമചന്ദ്രൻ, ഹോർട്ടികോർപ്പ് ചെയർമാൻ ലാൽവർഗീസ് കല്പകവാടി സംസാരിച്ചു.

നീര കമ്മിറ്റി മെമ്പർ ബാബു ജോസഫ്, നാളികേര വികസന ബോർഡ് ചീഫ് കോക്കനട്ട് ഡെവലപ്പ്മെന്റ് ഓഫീസർ സുഗത ഘോഷ്, രാജേന്ദ്രപ്രസാദ്, കെ.ബി.സി.ഡബ്ല്യു ചെയർമാൻ കോയിവിള രാമചന്ദ്രൻ, കല്ലട വിജയൻ, തോമസ് വൈദ്യൻ, ടി.ഒ.വൈദ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.



കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനി നിർമ്മിക്കുന്ന സംസ്ഥാനത്തെ ആദ്യ നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനം മന്ത്രി കെ. ബാബു നിർവഹിക്കുന്നു.